Item Code: 944 Participant Code: 129

# സ്കൂൾ കലോത്സവവും സർഗ്ഗാത്മകതയും

"വിദ്യാഭ്യാസമെന്നാൽ ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും ആത്മീയവുമായ വികാസമാണ്" ഭാരതത്തിന്റെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ വാക്കുകളാണിത്. നാനോന്മുഖമായ വിദ്യ അഭ്യസിച്ചു ~~കരായിരിക്കണം~~ വിദ്യാർത്ഥികളായിരിക്കണം ലോകരാഷ്ട്രങ്ങൾക്കുമുമ്പിൽ ഇന്ത്യയെ പ്രതിനിധീകരിക്കേണ്ടതെന്ന് ഗാന്ധിജിക്ക് നിർബന്ധമുണ്ടായിരുന്നു. അത് കൊണ്ട് തന്നെ, ഒരു വിദ്യാർത്ഥിയുടെ വിദ്യാഭ്യാസം നാല് ചുവരുകൾക്കുള്ളിൽ ഒതുങ്ങേണ്ട ഒന്നല്ല, അത് സമൂഹത്തിലേക്കിറങ്ങിച്ചെല്ലേണ്ട ഒന്നാണ്. ഈ പരിപൂർണ്ണ വിദ്യാഭ്യാസം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിന്റെ അനിഷേധ്യമായ ചാലകശക്തിയാണ് കലയും സാഹിത്യവും. അത് വിദ്യാർത്ഥികളിൽ സർഗ്ഗാത്മകതയും സാമൂഹ്യബോധവും ഉണ്ടാക്കിയെടുക്കുന്നു. ഇവിടെയാണ് 'സ്കൂൾ കലോത്സവവും സർഗ്ഗാത്മകതയും' എന്ന വിഷയത്തിന്റെ പ്രസക്തി നാം തിരിച്ചറിയേണ്ടത്.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ആമുഖം

കലയുടെ ചക്രവാളം വിശാലമായതാണ്. മനുഷ്യനെയും സമൂഹത്തെയും തമ്മിൽ സംയോജിപ്പിക്കുന്ന ഒന്നാണ് കല. അത് കൊണ്ടു തന്നെ, നാളത്തെ പൗരന്മാരായ നമ്മുടെ അന്വേഷണ കുതുകികളെന്നു നാം വിശേഷിപ്പിക്കുന്ന ഇന്നത്തെ വിദ്യാർത്ഥികളിൽ കലാബോധം വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വിദ്യാർത്ഥികളിലെ സർഗ്ഗശേഷിയെ കണ്ടെത്തി വളർത്തുന്നതിനും അംഗീകരിക്കുന്നതിനും സ്കൂൾ കലോത്സവം വേദിയൊരുക്കുന്നു. മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ആശയങ്ങൾക്കും ചിന്തകൾക്കുമൊപ്പം സർഗ്ഗാത്മകതയും പരിപോഷിപ്പിക്കപ്പെടുമ്പോഴാണ് ഓരോ കുട്ടിയും വ്യത്യസ്തമാകുന്നത്. സാധാരണയിൽ നിന്നും വിഭിന്നമായി സർഗ്ഗശേഷിയുള്ള വിദ്യാർത്ഥികളാണ് സമൂഹത്തെ നയിക്കേണ്ടത്. അതുകൊണ്ട് തന്നെ പാഠ്യവിഷയങ്ങൾക്കു തുല്യമായുള്ള പ്രാധാന്യം കലോത്സവവേദികൾക്കുമുണ്ട് എന്ന് തിരിച്ചറിയുന്നിടത്താണ് സാമൂഹ്യ ചിന്തയും മൂല്യബോധവും സർവ്വോപരി സർഗ്ഗാത്മകതയുമുള്ള വിദ്യാർത്ഥി സമൂഹം വളർന്നു വരുന്നത്.

## സർഗ്ഗാത്മകതയും സ്കൂൾ കലോത്സവത്തിന്റെ പ്രസക്തിയും

കുട്ടികൾക്കുള്ളിലെ സർഗ്ഗശേഷിയെ കലോത്സവ വേദികളാണ് പരിപോഷിപ്പിക്കുന്നത്. പുസ്തകത്താളിനപ്പുറം വ്യത്യസ്തമായൊരു കഴിവിനെ തിരിച്ചറിയുവാനും ചിന്തിക്കുവാനും സ്കൂൾ കലോത്സവം വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്നു. വിദ്യാർത്ഥികളെ സമമാക്കാനുള്ളതല്ല വിദ്യാഭ്യാസം. മറിച്ച്, ഓരോരുത്തരിലെയും കഴിവിനെ വളർത്തിയെടുക്കാനുള്ളതാണ്. ഇവിടെയാണ് കലോത്സവങ്ങളുടെ പ്രാധാന്യം നാം തിരിച്ചറിയേണ്ടത്. വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം വ്യക്തിവികസനവും അതുവഴി രാഷ്ട്രത്തിന്റെ വികസനത്തിൽ പങ്ക് ചേരുക എന്നതുമാണ്. വിദ്യാർത്ഥികളിൽ ഈ ബോധമുണ്ടാക്കുക എന്നത് തന്നെയാണ് കലയും സാഹിത്യവും ചെയ്യുന്ന ഏറ്റവും വലിയ ധർമ്മം. എഴുത്തും വായനയും വരയും നൃത്തവും അഭിനയവും വാഗ്ദ്വാരണികളും നിറഞ്ഞുനിൽക്കുന്ന സ്കൂൾ കലോത്സവങ്ങൾ ~~വിദ്യാർത്ഥിക~~ സാഹിത്യത്തിന്റെയും കലയുടെയും സർഗ്ഗസഞ്ചാരപഥങ്ങളുടെ അനന്ത വിഹായസ്സാ-

ന്. തുറന്നുകാട്ടുന്നത്.

"ബുള്ളറ്റിനെക്കാൾ മൂർച്ചയുള്ളത് വാക്കുകൾക്കാണ്" എന്ന മഹദ്വചനം അടിവരയിടുന്നത് വാഗ്ധോരണികളുടെ ശക്തിയെയാണ്. സാഹിത്യകാരന്മാരുടെ കഥയും കവിതയുമൊക്കെ അങ്ങോളമിങ്ങോളം അലയടിച്ചുണ്ടാക്കിയ വിപ്ലവങ്ങൾ ഉയർത്തിപ്പിടിക്കുന്നത് രചനാവൈഭവത്തിന്റെ മഹാത്മ്യത്തെയാണ്. സാമൂഹിക ചുറ്റുപാടുകൾ നൃത്തച്ചുവടുകളിലും അഭിനയമികവിലും അരങ്ങ് തകർത്തപ്പോഴാണ് അത് ജനങ്ങളിലേക്കാഴ്ന്നിറങ്ങിയത്. ചിത്രകാരന്റെ വരകളിൽ തെളിഞ്ഞതൊക്കെയും എല്ലായ്പ്പോഴും ഹൃദിസ്ഥമാണ്. ജനമനസ്സുകളിൽ സംഗീതം തീർത്ത സ്വാധീനം ഒട്ടും ചെറുതല്ല. അതെ, സാമൂഹികമായുള്ള മാറ്റങ്ങൾക്കും ചിന്തകൾക്കും സർഗ്ഗാത്മകതയോളം പ്രാധാന്യമുള്ള മറ്റൊന്ന് കണ്ടെത്താൻ പ്രയാസമാണ്. ഈ സർഗ്ഗശേഷിയെ വളർന്നുവരുന്ന വിദ്യാർത്ഥികളിൽ ഉണ്ടാക്കിയെടുക്കേണ്ടത് അനിവാര്യമാണ്. ഇവിടെയാണ് കേരളപ്പിറവിയോളം പഴക്കമുള്ള കേരളാ സ്കൂൾ കലോത്സവങ്ങളുടെ പ്രസക്തി.

62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 944 Participant Code: 129

കുട്ടികളിലെ സർഗ്ഗാത്മകതയെ പരിപോഷിപ്പിക്കുന്നതിൽ സ്കൂൾ കലോത്സവം നിർണായക പങ്ക് വഹിക്കുന്നുണ്ട്" എങ്കിലും അതിന് ചില പോരായ്മകളും ഉണ്ട്. ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളെന്ന പോലെയാണ് ജയവും പരാജയവും. അംഗീകാരങ്ങളും സ്ഥാനമാനങ്ങളും കച്ചവടമായി മാറിക്കൊണ്ടിരിക്കുന്ന വർത്തമാന സമൂഹത്തിൽ സ്കൂൾ കലോത്സവത്തെയും അഴിമതി ബാധിച്ചിരിക്കുന്നുവെന്നതിൽ സംശയമില്ല. വാശിയേറിയ പോരാട്ടങ്ങൾ വിദ്യാർത്ഥികൾക്കിടയിൽ മത്സരബുദ്ധിയേക്കാൾ ശത്രുതയെയാണ് വളർത്തിയെടുക്കുന്നത്. പോയന്റ് നിലയിലെ ഏറ്റക്കുറച്ചിലുകൾ വിദ്യാർത്ഥി മനസ്സുകളിൽ വലിയ വിവേചനങ്ങളായാണ് പ്രതിഫലിക്കുക. പ്രലോഭനങ്ങളും സ്വാധീനങ്ങളും മത്സരഫലങ്ങളിൽ കൈകടത്തുമ്പോൾ അർഹരായ പ്രതിഭകൾ പിന്നോട്ട് തള്ളപ്പെടുന്ന കാഴ്ചകളും വിദ്യാർത്ഥികളെ പ്രതികൂലമായാണ് ബാധിക്കുന്നത്. കുട്ടികളിലെ സർഗ്ഗാത്മകതയെ അംഗീകരിക്കപ്പെടുക എന്നതിൽ നിന്നും കലോത്സവവേദികൾ വ്യതിചലിക്കുമ്പോൾ സമൂഹത്തിനു നഷ്ടപ്പെടുന്നത് ഒരു കലാപ്രതിഭയെയാണ്.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

പരാജയങ്ങൾ പലപ്പോഴും വിദ്യാർത്ഥികളിൽ സ്വന്തം സർഗ്ഗശേഷിയിലുള്ള വിശ്വാസത്തെ ദുർബലപ്പെടുത്തും. അതുകൊണ്ട് തന്നെ, സർവ്വോപരി വിദ്യാർത്ഥികളിലെ സർഗ്ഗാത്മകതയെ പരിപോഷിപ്പിക്കുക എന്നതാണ് സ്കൂൾ കലോത്സവങ്ങളുടെ ആത്യന്തികമായ ധർമ്മം.

കലയും സമൂഹവും - കലോത്സവങ്ങളുടെ പങ്കും

"ധാരാളം വ്യക്തികൾ ഉൾക്കൊള്ളുന്ന ഒരു വലിയ സംഘമാണ് സമൂഹം" വിഖ്യാതനായ സാമൂഹ്യശാസ്ത്രജ്ഞൻ 'റീഡിന്റെ' വാക്കുകളാണിത്. സമൂഹത്തിൽ ഓരോ വ്യക്തിയുടെയും ചിന്തകളെയും പ്രവർത്തനങ്ങളെയും സ്വാധീനിക്കുന്ന ഘടകങ്ങളെ 'സാമൂഹീകരണ സഹായികൾ' എന്ന് നിർവചിക്കാം. വിദ്യാർത്ഥികളിലെ സാമൂഹിക ചിന്താഗതിയെ നിർണയിക്കുന്നതിൽ കലോത്സവങ്ങൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. വിദ്യാർത്ഥികളിലെ നന്മയെ പരിപോഷിപ്പിക്കാൻ കലോത്സവങ്ങൾ ഉണ്ടാക്കിയെടുക്കുന്ന സർഗ്ഗശേഷിയിലൂടെ സാധിക്കും. കാരണം, കലയും സർഗ്ഗാത്മക-

തയും എന്നും നന്മയുടെ ഭാഗത്താണ്. സകല തിന്മക-ളുടെയും കേളിരംഗമായിക്കൊണ്ടിരിക്കുന്ന സമൂഹത്തിൽ കലയുടെ പക്ഷം നന്മയിലാണ്. കലാബോധവും സർ-ഗ്ഗാത്മകതയും കലാകാരന്മാരെ എത്രമാത്രം നന്മയുള്ളവരാക്കുന്നുവെന്നതിന്റെ മകുടോദാഹരണ-മാണ് വൈക്കം മുഹമ്മദ് ബഷീറിനെക്കുറിച്ചുള്ള ഒരു സന്ദർശകന്റെ അനുഭവം. "ചായ കുടിച്ച ഗ്ലാസ് കമഴ്ത്തി വെച്ചത് എന്തിനാണ് എന്ന ചോദ്യത്തിന് തന്റെ സ്വതസിദ്ധമായ ശൈലിയിൽ ബഷീർ നൽകിയ മറുപടി ഇങ്ങനെയാണ് 'ആ ഗ്ലാസ് കമഴ്ത്തി വെച്ചില്ലെ-ങ്കിൽ അതിൽ അവശേഷിക്കുന്ന ചായയിൽ വീണ് ഉറുമ്പ് ചാകില്ലേ?'" ഒരു കലാകാരന്റെ നന്മയുടെ വിശാലത എത്ര വ്യാപ്തിയേറിയതാണ് എന്ന് ഇവിടെ വ്യക്തമാണ്.

സമൂഹത്തിലെ ശരിയായ മാറ്റങ്ങൾക്ക് കലയും സർഗ്ഗാത്മകതയും വഹിച്ച സ്വാധീനം വലിയതാണ്. വി.ടി. ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' കേരളീയ നവോത്ഥാനത്തിൽ തീർത്ത വിസ്മയം അവിസ്മരണീയമാണ്. 'മതമേതായാലും മനു-

ഷ്യൻ നന്നായാൽ മതി" എന്ന ശ്രീനാരായണ ഗുരുവിന്റെ മൊഴിമുത്തുകൾ കേരളത്തിലങ്ങോളമിങ്ങോളം അലയടിച്ചു. സമൂഹത്തിന്റെ ജീർണ്ണിച്ച ചുറ്റുപാടിൽ നിന്നും സാംസ്കാരിക ചുറ്റുപാടിലേക്കുള്ള നവോത്ഥാനക്കുതിപ്പിലും കലയും സർഗ്ഗാത്മകതയും തീർത്ത വിപ്ലവം ചരിത്രമാണ്.

"അധ്വാനമില്ലാത്ത സമ്പത്ത്, ത്യാഗമില്ലാത്ത പ്രാർത്ഥന, തത്വമില്ലാത്ത രാഷ്ട്രീയം, മനുഷ്യത്വമില്ലാത്ത ശാസ്ത്രം, സ്വഭാവമില്ലാത്ത അറിവ്" തുടങ്ങിയ ഏഴ് സാമൂഹിക പാപങ്ങൾ അപകടകാരികളാണെന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്. സാഹിത്യരചനകളൊക്കെയും ഈ ഏഴ് പാപങ്ങൾക്കെതിരാണ് എന്നതാണ് വാസ്തവം. അതെ, സാമൂഹികനന്മയ്ക്ക് തൂലികകളാൽ എഴുതപ്പെട്ട സംഭാവനകൾ നൽകിയ ഈ സർഗ്ഗശേഷിയെയാണ് കലോത്സവം പരിപോഷിപ്പിക്കുന്നത്.

## പാഠപുസ്തകങ്ങളിലെ കല

കലയുടെ അംശം കുറയുമ്പോൾ എല്ലാം വിരസമായി അനുഭവപ്പെടും. അതുകൊണ്ടു തന്നെ കലയുടെ

അറിവ് വർദ്ധിപ്പിക്കുന്നതിലൂടെ കുട്ടികൾക്ക് പാഠപുസ്തകങ്ങൾ പ്രിയപ്പെട്ടതാകും. മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ മൂല്യങ്ങളും ചിന്തകളും ഏറ്റവും ഫലപ്രദമായ രീതിയിൽ വിദ്യാർത്ഥികളിലെത്തിക്കാൻ കലയോളം സാധിക്കുന്ന മറ്റൊന്നില്ല. ഇത് ഉന്നതവിദ്യാഭ്യാസങ്ങളിൽ ഉള്ള കൊഴിഞ്ഞുപോക്കിനെ പോലും കുറക്കും എന്ന കാര്യത്തിൽ സംശയമില്ല. കലയും സർഗ്ഗാത്മകതയും എല്ലാവർക്കും സ്വീകാര്യമാണ്. അതിലൂടെ നന്മയും മൂല്യങ്ങളും പഠിപ്പിക്കുമ്പോൾ അത് മനോഹരമായതാകുന്നു. കലോത്സവങ്ങളിൽ ഉണ്ടാകുന്ന ആസ്വാദനം വിദ്യാർത്ഥികൾക്ക് ക്ലാസ്മുറികളിലും ഉണ്ടാകണമെങ്കിൽ കലയും സർഗ്ഗശേഷിയും തന്നെയാണ് ഉത്തമ ചാലകശക്തി.

## സർഗ്ഗാത്മകതയും സാമൂഹിക നന്മയും

ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ദാരിദ്ര്യമല്ല, തീവ്രവാദമല്ല, വിഘടനവാദമല്ല, നിരക്ഷരതയല്ല, പട്ടിണിയല്ല, മറ്റൊന്നുമല്ല. ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും

ആഭാസമാണ്. ഈ സ്നേഹദാരിദ്ര്യം യുവതലമുറയെ വലിയ തോതിൽ ബാധിച്ചിരിക്കുകയാണ്. അതുകൊണ്ട് തന്നെ, വിദ്യാർത്ഥികളിൽ കലയും സാഹിത്യവും വളർത്തേണ്ടത് അനിവാര്യമാണ്. കാരണം, അവ നന്മയാണ് പ്രോത്സാഹിപ്പിക്കുന്നത്. സമൂഹത്തിലെ തെറ്റായ സംഭവവികാസങ്ങൾക്കെതിരെ ശക്തമായി പ്രതികരിക്കാനുള്ള ഏറ്റവും വലിയ ആയുധം സർഗ്ഗാത്മകതയാണ്. ഈ സർഗ്ഗശേഷി ഇന്നത്തെ വിദ്യാർത്ഥികളിൽ ഉണ്ടാകുമ്പോൾ നന്മയുടെ മൂല്യം ഉയർത്തിപ്പിടിക്കുന്ന ഒരു സമൂഹത്തെ നമുക്ക് വളർത്തിയെടുക്കാൻ സാധിക്കും. എന്നാൽ, സാഹിത്യകാരനെ കൊലപ്പെടുത്തിയത് പോലെയുള്ള കലാകാരന്മാർക്കെതിരെയുള്ള അനിഷ്ട സംഭവങ്ങൾ സമൂഹത്തിൽ സ്ഥിരംകാഴ്ചയായി മാറിക്കൊണ്ടിരിക്കുകയാണെന്ന് സാന്ദർഭികമായി അടിവരയിട്ടു പറയുകയാണ്. വളർന്നു വരുന്ന കുട്ടികളിൽ കലയും സർഗ്ഗാത്മകതയും അതിന്റെ നല്ലരൂപത്തിൽ വളർത്തിയില്ല എങ്കിൽ അത് നാം ഭാവിതലമുറയോട് ചെയ്യുന്ന ഒരു വലിയ തെറ്റായിരിക്കും. ഇവിടെയാണ് സ്കൂൾ കലോത്സവത്തിന്റെ പ്രാധാന്യം.

## ഉപസംഹാരം

"മാറ്റങ്ങൾ ആദ്യമുണ്ടാകേണ്ടത് മനുഷ്യമനസ്സുകളിലാണ്: പിന്നീടാണത് പ്രാവർത്തികമാകേണ്ടത്." മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൽകലാമിന്റെ വാക്കുകളാണിത്. വിദ്യാർത്ഥികളിലെ സർഗ്ഗാത്മകതയെ വളർത്തുകയെന്നതായിരിക്കണം കലോത്സവത്തിന്റെ ആത്യന്തികമായ ധർമം. അത് ആദ്യം ഉറപ്പിക്കേണ്ടത് മനസ്സിലാണ്. പിന്നീട് പ്രാവർത്തികമാകുമ്പോഴാണ് അത് ഫലപ്രദമാകുന്നത്. സ്കൂൾ കലോത്സവം വിദ്യാർത്ഥിസമൂഹത്തിന്റെ ഉത്സവമാകണം. അവരിലെ കലയെയും നന്മയെയും ശക്തിപ്പെടുത്തി അവരെ സാമൂഹിക നന്മയ്ക്കും രാഷ്ട്രവികസനത്തിനും ഉതകുന്ന ഭാവിഭാഗ്യങ്ങളായി രൂപപ്പെടുത്തിയെടുക്കുന്ന വേദിയായിരിക്കണം സ്കൂൾ കലോത്സവം.

"എത്രയെന്ന ദുരന്തങ്ങൾ"
അതിലിത്തിരി നേർത്ത ശുഭാന്തങ്ങൾ"

അയ്യപ്പപ്പണിക്കരുടെ ഈ വരികൾക്ക് വർത്തമാന സമൂഹത്തിൽ വലിയ പ്രസക്തിയുണ്ട്: ദുരന്തങ്ങളുടെ മുഖചിത്രമായി മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തിലെ

നന്മയെ കണ്ടെത്തി വളർത്താനും തിന്മയെ തിരിച്ചറിഞ്ഞ് തിരുത്താനും വിദ്യാർത്ഥികളെ സ്കൂൾ കലോത്സവം പഠിപ്പിക്കണം. കെട്ടകാലത്തിന്റെ കെടുതികളിൽ പെടാതെ നന്മയുടെ അനന്തവിഹായസ്സിലേക്ക് പറന്നുയരാനുള്ള ചിറകുകളാകട്ടെ കലോത്സവ വേദികൾ. അതാകട്ടെ നമ്മുടെ ലക്ഷ്യം.

"പഴയ യുഗമഥ പാഠമാക്കി
പരിചിൽ നാടിന്നോതിടാം
പുതുയുഗത്തിനു സ്വാഗതം
സ്വാഗതം... സ്വാഗതം..."

ശുഭം